"ഭരണഭാഷ - മാതൃഭാഷ"

**മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ**

വിഷയം:- പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% താഴ്ന്ന വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന അനുവദിക്കൽ - ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സ.ഉ (പി) നമ്പർ 1/2014/ഉഭപവ തീയതി. 03.01.2014.
2. പഞ്ചായത്ത് ഡയറക്ടറുടെ 05.05.2014 ലെ ഇ10-1000/2014 നമ്പർ കത്ത്.
3. സ.ഉ.(പി)നം. 21/2014/ഉ.ഭ.പ.വ. തിയതി. 19/07/2014.
4. പഞ്ചായത്ത് ഡയറക്ടറുടെ 17/01/2015 ലെ ഇ10-1000/2014 നമ്പർ കത്ത്.
5. ഈ ഓഫീസിലെ 27/02/2015 ലെ ഡി3-16857/2013 നമ്പർ ഉത്തരവ്.

---

**ഉത്തരവ് നമ്പർ ഡി3-12600/2014 തീയതി. 28/12/2015**

---

വിവിധ സർക്കാർ വകുപ്പുകളിൽ 03.01.2014 മുതൽ ഉണ്ടാകുന്ന എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് ഒഴിവുകളിലെ 10% ഒഴിവുകളിലേക്ക് അതേ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനായി മലപ്പുറം ജില്ലിയിലെ എൽ.ഡി.ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രങ്ത്ത് നിജപ്പെടുത്തുകയും പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഓഫീസ് അറ്റന്റന്റ്, ഡ്രൈവർ തുടങ്ങിയ താഴ്ന്ന വിഭാഗം ജീവനക്കാരേയും ഫുൾടൈം കണ്ടിജന്റ് ജീവനക്കാരേയും ഉൾപ്പെടുത്തി പരാമർശം (5) പ്രകാരം അന്തിമ സംയോജിത സീനിയോറിറ്റി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ വിഭാഗത്തിൽ നാളിതുവരെയായി <u>12</u> പേർക്ക് തസ്തികമാറ്റം അനുവദിച്ചിട്ടുണ്ട്. 03/01/2014 മുതൽ നാളിതുവരെ മലപ്പുറം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഉണ്ടായിട്ടുള്ള <u>126</u> ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഒരാൾക്ക് കൂടി തസ്തികമാത്തിന് അർഹതയുള്ളതായി കാണുന്നു.

മേൽ സാഹചര്യത്തിൽ ഉപര്യുപ്ത പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ താഴെ ചേർത്ത ജീവനക്കാരിയെ ടിയാളുടെ പേരിന് നേരെ ചേർത്ത ഗ്രാമ പഞ്ചായത്ത് ഓഫീസിൽ 9940-16580 ശമ്പള സ്കെയിലിൽ തസ്തിക മാറ്റംവഴി ക്ലാർക്ക് തസ്തികയിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തിയതി / ഉത്തരവ് നമ്പർ | ഓഫീസിന്റെ പേര് |
|---|---|---|---|
| 1 | താര.കെ.ബി<br>പി.എ.യു. 7 എടപ്പാൾ,<br>പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസ്, മലപ്പുറം<br>(സീയിയോരിറ്റി നമ്പർ 41) | 22/02/2006 /<br>ഡി3-2777/07/കെ.ഡിസ് തിയതി. 23/05/2007<br>ഡിഡിപി മലപ്പുറം | **<u>എടപ്പാൾ ഗ്രാമ പഞ്ചായത്ത്</u>** |

ശ്രീമതി.താര.കെ.ബി 15 ദിവസത്തിനകം **എടപ്പാൾ ഗ്രാമ പഞ്ചായത്ത്** സെക്രട്ടറി മുമ്പാകെ ജോലിയിൽ പ്രവേശിക്കുന്നതിനായി ഹാജരാകേണ്ടതാണ്. ഇങ്ങനെ നിയമിക്കപ്പെടുന്നവർ ക്ലർക്ക് തസ്തികയിൽ മൂന്നുവർഷക്കാലയളവിനുള്ളിൽ രണ്ട് വർഷത്തെ പ്രാബേഷൻ തൃപ്തികരമായി പൂർത്തിയാക്കേണ്ടതാണ്.

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി / ഓഫീസ് മേധാവി ശ്രീമതി.താര.കെ.ബി-യെ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിപ്പിച്ചതുമായ വിവരം ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റു ഓഫീസുകളിലും യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**(ഒപ്പ്)**
***വി.ഹരിദാസൻ***
മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതല വഹിക്കുന്ന കോഴിക്കോട്
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ

പകർപ്പ്:

1. വ്യക്തിക്ക് (ഓഫീസ് അധികാരി മുഖാന്തിരം)
2. ബഹു. പഞ്ചായത്ത് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
3. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4. സീനിയർ സൂപ്രണ്ട്, (......... പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്)
5. സെക്രട്ടറി, എടപ്പാൾ ഗ്രാമ പഞ്ചായത്ത്.
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. എ5 / ഡി1 സെക്ഷനുകൾക്ക്.
8. കരുതൽ അധികം

**// ഉത്തരവിൻ പ്രകാരം //**

**ജൂനിയർ സൂപ്രണ്ട്**